**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2285** — **18/07/2016 ൽ മറുപടിക്ക്**

## കാപെക്സിനെ ആധുനികവത്കരിക്കാൻ നടപടി

**ചോദ്യം**
ശ്രീ.വി.എസ്.അച്ചുതാനന്ദൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ
ശ്രീ.എം.നൗഷാദ്

**ഉത്തരം**
മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനെയും കാപെക്സിനേയും ആധുനികവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | കശുവണ്ടി വികസന കോർപ്പറേഷന് 2016-17 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപയ്ക്ക് പുറമേ 75 കോടി രൂപയും ആധുനികവത്കരണത്തിനായി 100 കോടി രൂപയും പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിനായി വകയിരുത്തിയിട്ടുള്ള 100 കോടി തുകയിൽ നിന്ന് നടപ്പു സാമ്പത്തിക വർഷത്തിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി നടപ്പുവർഷം 25 കോടി രൂപ ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>കാപെക്സിന്റെ നവീകരണത്തിനായി 8 കോടി രൂപയ്ക്ക് പുറമെ പുതുക്കിയ ബഡ്ജറ്റിൽ 25 കോടി രൂപ പ്രവർത്തന മൂലധനമായി വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ ആധുനികവത്കരണത്തിനായി വകയിരുത്തിയ തുക ഉപയോഗിച്ച് ഫാക്ടറികൾ ഫലപ്രദമായി ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ